# *സ്വാതന്ത്ര്യംതന്നെ ഓണപ്പൂ!*

(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*)

1

ജൂലൈ 3-നു ത്രിസന്ധ്യയ്ക്ക്
കാറ്റിൽ ഡൌൺലോഡായ
നക്ഷത്രാങ്കിതവും ത്രിവർണ്ണനും
അറുത്തു മുറിക്കുന്ന ചുണ്ടെലി
തണ്ടുകൾ കൂട്ടിക്കെട്ടി
ഡെസ്ക് ടോപ്പിൽ
പശ്ചാത്തലം ഒരുക്കുമ്പോൾ
രക്താഭമായ ഒരു റോസാപ്പൂ
തണ്ടുകളുടെ സംഗമത്തിൽ
നിക്ഷേപിക്കാൻ മറക്കാറില്ല —
ഉയിർക്കുന്ന ഓരോ മൂന്നാംരാവിലും!

2

ആഗസ്റ്റ് 14-നു രാവിൽ
ഇന്ത്യയുടെ ഭൂപടം
മണ്ണിൽ കൊത്തിവരച്ച്
പൂക്കൾ അതിർത്തി തിരിച്ച്
ചെങ്കോട്ടയിൽ കൊടിപാറിച്ച്
ഉറങ്ങുന്നതിനു മുമ്പ്
ഒരു കവിത കുറിക്കും —
ഓരോ പതിനാലാംരാവിലും!

3

ശ്രാവണത്തിരുവോണനാളിലെ
കോടിയുടുക്കും പാലൊളിച്ചന്ദ്രൻ
ഊഞ്ഞലാടും കുമ്മാട്ടിപ്പുലിയെ
ചന്തയിൽ സദ്യയ്ക്കിരുത്തുമ്പോൾ
തല്ലിടും നക്ഷത്രാത്ഭുതക്കാഴ്ച്ച
പാട്ടിൽ തുമ്പിത്തുള്ളലിൽ
അപ്പാർട്ടുമെന്റിലെ മട്ടുപ്പാവിൽ
പത്തെണ്ണി തൃക്കരപ്പൂക്കളത്തിൽ

പ്ലാസ്റ്റിക് മഞ്ഞപ്പൂവൃത്തച്ഛമയം
പായസ തേൻനിഴൽ ചൊരിഞ്ഞു
കന്നിയിലെ കൂടിച്ചേരൽ കാക്കും —
ഓർമ്മയിൽ ഓരോ ഉത്രാടരാവിലും!
*************************************************************